# ഭൂമിയുടെ വിലാപം

കെ ആർ നാരായണൻ നമ്പൂതിരി

എൻപൊന്നു മക്കളേ...
വാത്സല്യ വർഷം ചുരന്നൊഴുകീടുമാ
ജീവജലത്തിന്റെ അമ്മിഞ്ഞപ്പാലിലൂടെൻ
ജീവരക്തം വലിച്ചൂറ്റിയിട്ടിന്ന്
വിഷലിപ്തമാക്കി വിതരണം ചെയ്യുന്നു
പെറ്റമ്മയേ തന്നെ പൂതനയാക്കുന്നു
ലാഭാർത്തി മൂത്തൊരാ ഘോര നൃശംസത

പുഴകളായൊഴുകുന്നൊരെൻ ജീവനാഡിയിൽ
കുത്തിക്കുഴിച്ചും, കിളച്ചും, മണൽകോരിയും,
എൻ രക്തധമനികൾ മുറിച്ചും,
എന്റെ ജഡമുടിക്കാടുകൾ പറിച്ചും,
പിഞ്ചു ജൈവ വൈവിധ്യം മുടിച്ചും,
കാരിരുമ്പിന്റെ കരത്തിനാൽ
എന്റെ ദേഹമാം കുന്നുകൾ തുരന്നും,

ഇനി ജനിക്കേണ്ടുന്ന തലമുറയ്ക്കായുള്ള
വിത്തെടുത്തുണ്ണുന്നു, പ്രാണൻ മുടക്കുന്നു
പ്ലാസ്റ്റിക്കിനാൽ എന്നെ മുഖപടം ചാർത്തിച്ച്,
മരണ ശയ്യാവലംബ ആക്കുന്നതറിയുന്നുവോ നിങ്ങൾ ?
തടയുക, തകർക്കുക, കുലം മുടിച്ചീടുമീ
അന്ധകാരത്തിന്റെ ആത്മമിത്രങ്ങളേ തടയുക
ക്ഷമയരുത് മക്കളേ അമ്മയോളം ക്ഷമ!

Website: HTTP://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.